പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1133.

21.3.2013- ൽ
മറുപടിയ്ക്ക്

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്വയംഭരണാവകാശം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ :<br>ശ്രീ.,ജി.സുധാകരൻ :<br>ഡോ.കെ.ടി.ജലീൽ :<br>ശ്രീ. ആർ.രാജേഷ് : | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്വയംഭരണാവകാശം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;<br><br>ബി) തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിന് സ്വയംഭരണാവകാശം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ; | (എ) യും (ബി) യും. മികച്ച നിലവാരം പുലർത്തുന്ന ആർട്സ് & സയൻസ് കോളേജുകൾക്കും എഞ്ചിനീയറിംഗ് കോളേജുകൾക്കും അക്കാഡമിക് സ്വയംഭരണാവകാശം നൽകുന്ന കാര്യം സർക്കാർ ആലോചിച്ച വരുന്നു. |
| സി) സ്വയംഭരണ സ്ഥാപനമാകുന്നതോടെ കോളേജിൽ നിലവിലുള്ള ഫീസ് ഘടനയിൽ പതിന്മടങ്ങ് വർദ്ധനയുണ്ടാകുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ഡി) ഭാവിയിൽ സാധാരണക്കാരായ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് പ്രസ്തുത സ്ഥാപനങ്ങളിൽ പഠിക്കാനുള്ള സാഹചര്യം നഷ്ടപ്പെടുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (സി) യും (ഡി) യും. അക്കാഡമിക് സ്വയംഭരണം നൽകുന്നതിന് ഉദ്ദേശിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇതിനുള്ള മാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| ഇ) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വയംഭരണാവകാശം നടപ്പിലാക്കുന്നതിന്റെ ഗുണ-ദോഷവശങ്ങളെ കുറിച്ചുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് മികച്ച നിലവാരം പുലർത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്വയംഭരണാവകാശം നൽകുന്നത് സംബന്ധിച്ച വിഷയം പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി പ്രമുഖ നിയമ വിദഗ്ധനായ പ്രൊഫ.എൻ.ആർ.മാധവമേനോൻ അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ഇതു വരെ സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ